# അക്ഷരം
അന്താരാഷ്ട്ര പുസ്തകോത്സവ പതിപ്പ്

3

2023 ജനുവരി 15

KERALA LEGISLATURE INTERNATIONAL BOOK FESTIVAL 2023

വായനയാണ് ലഹരി




# അക്ഷരസഭ
## പുതുചരിത്രം രചിച്ച് കേരള നിയമസഭ

127 സ്റ്റാളുകൾ, 122 പ്രസാധകർ, 77 പുസ്തകങ്ങളുടെ പ്രകാശനം • വിഷയ വൈവിധ്യത്താൽ സമ്പന്നമായി സംവാദങ്ങൾ • നിയമസഭയും പുസ്തകമേളയും കണ്ട് ഒരുലക്ഷത്തോളം സ്കൂൾ വിദ്യാർഥികൾ • ആവേശമായി സാംസ്കാരിക പരിപാടികൾ

സഭാതലം പുസ്തകങ്ങളാൽ ചുറ്റപ്പെട്ട ഒരാഴ്ചയാണ് കടന്നുപോയത്, എങ്ങും അക്ഷരങ്ങളുടെ പ്രതിധ്വനി. വാക്കുകൾ കോർത്ത് വായനക്കാരന് കഥാനുഭവം പകരുന്ന എഴുത്തുകാരനും പുസ്തകങ്ങളെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വായനക്കാരനും പരസ്പരം സംവദിക്കാനുള്ള വേദി കൂടിയായി കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം. ജനുവരി 9 മുതൽ 15 വരെ ഒരുക്കിയ മേള പൊതുജനപങ്കാളിത്തംകൊണ്ടും സംഘാടനമികവുകൊണ്ടും ശ്രദ്ധേയമായി. മനുഷ്യമനസിന്റെ വികാസത്തിനും വിജ്ഞാനസമൂഹത്തിന്റെ നിർമിതിക്കുമുള്ള വലിയ ചുവടുവയ്പായാണ് നിയമസഭാങ്കണത്തിൽ പുസ്തകോത്സവം സംഘടിപ്പിച്ചത്.

രാജ്യത്തിനകത്തും പുറത്തുമുള്ള 122 പ്രസാധകരാണ് പുസ്തകോത്സവ വേദിയിലെത്തിയത്. ആകെ 127 സ്റ്റാളുകളിൽ വായന ലഹരിയാക്കിയവർക്കായി അക്ഷരക്കൂട്ടുകൾ അണിനിരന്നു. പുസ്തകലോകത്തേക്ക് മുതൽക്കൂട്ടാവുന്ന 77 പുസ്തകങ്ങൾ നിയമസഭയിലെ വിവിധ വേദികളിലായി പ്രകാശനം ചെയ്തു.


ബുക്കർപ്രൈസ് ജേതാവ് ഷെഹാൻ കരുണതിലകെ, തുർക്കി അംബാസഡർ ഫിരാത് സെനൽ ഉൾപ്പെടെയുള്ള എഴുത്തുകാരുമായി വായനക്കാർക്ക് സംവദിക്കുന്നതിനുള്ള അവസരവും പുസ്തകോത്സവം നൽകി. ടീസ്റ്റ സെതൽവാദ്, രേവതി ലോൾ, കെ.ആർ മീര, ശശി തരൂർ തുടങ്ങിയവരും സംവാദത്തിനെത്തി.

ആനുകാലിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിലെ ചർച്ചകൾക്കും പുസ്തകോത്സവം വേദിയൊരുക്കി. മാധ്യമപ്രവർത്തനം മാറുന്ന വാർത്താലോകം, ഇ.എം.എസ് - രാഷ്ട്രീയവും എഴുത്തുജീവിതവും, അന്ധവിശ്വാസത്തിനെതിരെ അടിസ്ഥാനശാസ്ത്രം, സിനിമയും എഴുത്തും, മലയാളത്തിലെ മഴവിൽഅനുഭവങ്ങൾ, ജനാധിപത്യവും ഫെഡറലിസവും തുടങ്ങി വ്യത്യസ്തമായ വിഷയങ്ങളിൽ വിദഗ്ധർ പങ്കെടുത്ത പാനൽ ചർച്ചകളും സംഘടിപ്പിച്ചു.

ഇഷ്ട പുസ്തകങ്ങൾ തിരഞ്ഞെത്തിയവരുടെ വലിയ തിരക്കാണ് വിവിധ പ്രസാധകരുടെ സ്റ്റാളുകളിൽ അനുഭവപ്പെട്ടത്. ഓരോ പ്രസാധകരിൽ നിന്നും ആയിരക്കണക്കിന് പുസ്തകങ്ങളാണ് മേളയിൽ വിറ്റഴിഞ്ഞത്.

പുസ്തകമേള പൊതുജനങ്ങളിലെത്തിക്കുന്നതിനായി വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. പുസ്തകാസ്വാദനം, ക്വിസ് മത്സരം, കാർട്ടൂൺ, കഥ പറയൽ തുടങ്ങിയവയിൽ ഓൺലൈൻ, ഓഫ്ലൈൻ മത്സരങ്ങളാണ് നടത്തിയത്.

പുസ്തകോത്സവത്തിന് കൂടുതൽ മിഴിവേകാൻ വൈകുന്നേരങ്ങളിൽ സംഘടിപ്പിച്ച കലാ സാംസ്കാരിക പരിപാടികളും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.



### ഉമ്മൻ ചാണ്ടിക്ക് ആദരം

അര നൂറ്റാണ്ടിലേറെ കാലം നിയമസഭാ സാമാജികനായി ചരിത്രം സൃഷ്ടിച്ച ഉമ്മൻ ചാണ്ടിക്ക് കേരള നിയമസഭയുടെ ആദരം. 1970 മുതൽ തുടർച്ചയായി പുതുപ്പള്ളി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഉമ്മൻ ചാണ്ടി, കേരളത്തിൽ ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായി പ്രവർത്തിച്ച വ്യക്തിയെന്ന റെക്കോർഡിനുടമയാണ്. തുടർച്ചയായി 12 തവണയാണ് ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത്.

राष्ट्रपति
भारत गणतंत्र
PRESIDENT
REPUBLIC OF INDIA



**Message**

I am happy to learn that the Kerala Legislative Assembly is organising the Kerala Legislature International Book Festival 2023 (KLIBF) as part of 'Azadi ka Amrit Mahotsav' during January 9-15, 2023 at Thiruvananthapuram. The centenary of the Kerala Legislature Library is also being celebrated.

Kerala's penchant for reading and writing has been evident right from the scripts and books of the Sangam age to the modern literary movements. This book festival will be enriched by many literary, art and cultural events and will promote reading culture among people, especially students.

On this occasion, I extend my greetings and felicitations to the Speaker of the Kerala Legislative Assembly and all those associated with the book festival. I also wish the centenary celebrations every success.

(Droupadi Murmu)

New Delhi
January 06, 2023



# വിദ്യാർത്ഥികൾക്ക് പുത്തൻ അനുഭവമായി പുസ്തകോത്സവം







വിദ്യാർത്ഥികൾക്ക് കൗതുകവും, വിജ്ഞാനവും, അത്ഭുതവും കലർന്ന നവ്യാനുഭവം പകർന്ന് നൽകിയാണ് നിയമസഭാ അങ്കണത്തിൽ നടക്കുന്ന പുസ്തകോത്സവം അവസാനിക്കുന്നത്.വളരെ ആവേശത്തോടെയാണ് കൊല്ലം, ചവറ അയ്യൻകോയിക്കൽ ഗവ.എച്ച്.എസ്. എസിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി അഭിൻദാസും കൂട്ടുകാരും പുസ്തകോത്സവത്തിനെത്തിയത്. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ പങ്കെടുക്കാൻ താല്പര്യമുണ്ടോ? എന്ന ചോദ്യത്തിന് രണ്ടാമതൊന്നാലോചിക്കാതെ ഉണ്ടെന്ന് ഉത്തരം പറഞ്ഞതിന് പിന്നിൽ വായനയോടുള്ള ഇഷ്ടമാണ കാരണം. ആൽക്കമിസ്റ്റും , പാത്തുമ്മയുടെ ആടും ആണ് ഇഷ്ട പുസ്തകങ്ങൾ. ബസ്സിൽ കൂട്ടുകാരോടൊപ്പം നിയമസഭാ പ്രധാന കവാടത്തിന് മുന്നിൽ ഇറങ്ങിയപ്പോൾ മുതൽ അത്ഭുത ലോകത്ത് വന്ന പ്രതീതിയിലാണ് അഭിൻ. നിയമസഭാ മന്ദിരവും പ്രധാന കവാടവുമാണ് ആദ്യം വിസ്മയിപ്പിച്ചത്. കൂട്ടുകാർക്കൊപ്പം വരി നിന്ന് രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം സ്റ്റാളുകളിലേക്ക് കടന്നപ്പോൾ അത്ഭുതം വർദ്ധിച്ചു. എത്രമാത്രം പുസ്തകങ്ങളാണ്. സ്കൂൾ ലൈബ്രറിയിലുള്ളതിന്റെ എത്രയോ ഇരട്ടി പുസ്തകങ്ങൾ . പക്ഷേ അവയിൽ ഒപ്പം കൂട്ടണമെന്ന് തോന്നിയത് 2 എണ്ണം മാത്രം . 'മറഡോണയുടെ ജീവചരിത്രവും', 'മെസ്സിയുടെ ജീവ ചരിത്രവും' . ഫുട്ബോളിനോടും അർജന്റീനയോടുമുള്ള അഭിന്റെ ഇഷ്ടമാണ് അതിനുകാരണം.

സ്റ്റാളുകളിൽ നിന്ന് നിയമസഭാ മന്ദിരത്തിന് അകത്തേക്ക് കടന്നപ്പോൾ അത്ഭുതം വീണ്ടും വർദ്ധിച്ചു. വിസിറ്റേഴ്സ് ഗാലറിയിലേക്കുള്ള വാതിലിന് മുന്നിൽ കാത്തുനിന്നപ്പോൾ മുഴുവൻ ടി.വിയിൽ മാത്രം കണ്ടിട്ടുള്ള നിയമസഭാ ഹാൾ ആയിരുന്നു മനസ്സിൽ. ഒടുവിൽ കൂട്ടുകാർക്കൊപ്പം വിസിറ്റേഴ്സ് ഗ്യാലറിയിലേക്ക്. താഴെ നിയമസഭാ ഹാൾ, കൂട്ടുകാർ എല്ലാവരേയും പോലെ അഭിനും വളരെ സന്തോഷമായി. തങ്ങളുടെ നാടിന്റെ എം.എൽ.എ സുജിത് വിജയൻപിള്ള അടക്കമുള്ള എം.എൽ.എ മാരും , മുഖ്യമന്ത്രിയും മന്ത്രിമാരുമെല്ലാമിരിക്കുന്ന നിയമസഭാ ഹാൾ. അതിന്റെ വിശേഷങ്ങൾ അഭിനും കൂട്ടുകാർക്കുമായി നിയമസഭയിലെ ഒരു ഉദ്യോഗസ്ഥൻ വിവരിച്ചു നൽകി. ഇത്രയേറെ ചരിത്രവും, പ്രത്യേകതകളും ഉണ്ടെന്ന് അഭിൻ മനസിയാക്കിയതപ്പോഴാണ്. വിസിറ്റേഴ്സ് ഗ്യാലറിയിൽ സമയം ചെലവഴിച്ച ശേഷം പിന്നീട് പോയത് സുവർണ്ണ ജൂബിലി നിയമസഭാ മ്യൂസിയത്തിലേക്കാണ് . ചരിത്ര പ്രാധാന്യമുള്ള വസ്തുക്കളും, പ്രസിദ്ധീകരണങ്ങളും, പത്രങ്ങളുമെല്ലാം കണ്ട് മനസിലാക്കി. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ വാച്ച് കാണാൻ സാധിച്ചതിൽ അഭിന് ഏറെ സന്തോഷമുണ്ട്. അത് കഴിഞ്ഞ് ജി. കാർത്തികേയൻ മെമ്മോറിയൽ മ്യൂസിയത്തിലേക്ക് പോയി. നിയമസഭാ ചരിത്രത്തേയും തെരെഞ്ഞെടുപ്പുകളെയും പറ്റിയുള്ള വീഡിയോകളാണ് അവിടെ പ്രദർശിപ്പിച്ചത്. തുടർന്ന് നിയമസഭാ മന്ദിരത്തിലെ താഴത്തെ നിലയിലെ മെമ്പേഴ്സ് ലോഞ്ച് കണ്ടു. ഏറ്റവും മനോഹരമായ ഒട്ടേറെ ഓർമകളും അറിവുകളും സമ്പാദിച്ച ശേഷമാണ് അഭിൻ കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ പങ്കെടുത്ത ശേഷം നാട്ടിലേക്ക് മടങ്ങിയത്.105 വിദ്യാർത്ഥികൾ ഉൾപ്പെട്ട സംഘമാണ് അയ്യൻകോയിക്കൽ സ്കൂളിൽ നിന്ന് അദ്ധ്യാപകർക്കൊപ്പം പുസ്തകോത്സവത്തിനെത്തിയത്.



കോളേജ് വിഭാഗം വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ക്വിസ് മത്സര വിജയികൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദുവിനൊപ്പം

## ക്വിസ് മൽസരവിജയികൾ

KLIBF 2023ന്റെ ഭാഗമായി ഹൈസ്കൂൾ / ഹയർ സെക്കണ്ടറി, കോളേജ് വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. ഒന്ന്, രണ്ട്,മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 5000,3000, 1000 രൂപ മൂല്യമുള്ള പുസ്തക കൂപ്പണും സർട്ടിഫിക്കറ്റുമാണ് സമ്മാനമായി നൽകിയത്.

### ഹൈസ്കൂൾ / ഹയർ സെക്കണ്ടറി വിഭാഗം മൽസര വിജയികൾ:

- ഒന്നാം സമ്മാനം - അശ്വിൻ വി. ജെ, സൗരവ് എസ്. എസ് - Gov. HSS, വെഞ്ഞാറംമൂട്
- രണ്ടാം സമ്മാനം - ശിവഹരി . വി, ഹീര എസ് - അയ്യൻ കോയിക്കൽ, GHSS
- മൂന്നാം സമ്മാനം - ദുർഗ്ഗ അനിൽ, ശ്രീലക്ഷ്മി എ. പി - GHSS, ചിതറ

വിജയികൾക്കുള്ള സമ്മാനദാനം നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ നിർവ്വഹിച്ചു.

### കോളേജ് വിഭാഗം മത്സര വിജയികൾ:

- ഒന്നാം സമ്മാനം - ശബരിനാഥ് വി. എസ്, ഹരികൃഷ്ണൻ എസ്. എസ്, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
- രണ്ടാം സമ്മാനം - സ്വാതി എസ്. ബി, അരുന്ധതി എ. വി മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
- മൂന്നാം സമ്മാനം - ദേവനാരായണൻ വി, ജീവൻ ജോർജ്ജ് വർഗ്ഗീസ്, ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ്, യൂണിവേഴ്സിറ്റി ഓഫ് കേരള

വിജയികൾക്കുള്ള സമ്മാനദാനം ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു നിർവ്വഹിച്ചു.

### പൊതുജനങ്ങൾക്കായി നടത്തിയ ക്വിസ് മത്സര വിജയികൾ:

- ഒന്നാം സമ്മാനം - ടെസിം സൈമൺ, രാകേഷ് ടി.പി
- രണ്ടാം സമ്മാനം - സ്വാതി എസ്. ബി, രേഷ്മ എസ് സതീശൻ
- മൂന്നാം സമ്മാനം - സമൻ എസ് ഖാൻ, ഹാരിസ്



## പ്രകൃതിസംരക്ഷണവും ദുരന്തനിവാരണവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും: മന്ത്രി വി ശിവൻകുട്ടി

പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ പ്രകൃതിസംരക്ഷണവും ദുരന്തനിവാരണവും ഉൾപ്പെടുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. പ്രകൃതിദുരന്തം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പുതുതലമുറയെ ബോധവൽക്കരിക്കുന്നതിനും അവർക്കാവുന്ന ഇടപെടലുകൾ നടത്തുന്നതിനും എല്ലാ സ്കൂളുകളിലും പ്രകൃതിസംരക്ഷണ ക്ലബ്ബുകൾ രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു. പുസ്തകോത്സവത്തിന്റെ ഭാഗമായി 'കാലാവസ്ഥയും ദുരന്തനിവാരണവും' എന്ന വിഷയത്തിൽ യുണിസെഫ് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നിയമസഭയുടെ പുസ്തകോത്സവം സംസ്ഥാനത്തിനുമാത്രമല്ല, ദേശീയ തലത്തിലും മാതൃകയാണ്. വർത്തമാനകാലഘട്ടത്തിൽ സാങ്കേതികവിദ്യയുടെ മുന്നേറ്റമുണ്ടെങ്കിലും പുസ്തകം മരിക്കുന്നില്ല. പുസ്തകത്തിന് പകരംവയ്ക്കാൻ മറ്റൊന്നില്ലെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ പുസ്തകവിതരണത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ എൻ ഷംസീർ നിർവഹിച്ചു. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുസ്തകങ്ങൾ വിതരണം ചെയ്തു.



എച്ചിമുക്കുട്ടി രചിച്ച 'അസത്ത് ' എന്ന കഥാ സമാഹാരം സജീവ് പാഴൂർ, സുനിൽ സി.ഇയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു



പക്ഷി നിരീക്ഷകൻ ഇന്ദുചൂഡന്റെ ജീവിതത്തേക്കുറിച്ച് സി റഹിം എഴുതിയ കാറുവാൻ- ഇന്ദുചൂഡന്റെ ജീവിതം എന്ന പുസ്തകം മുൻ മന്ത്രി എ കെ ബാലൻ പി വിജയകുമാറിന് നൽകി പ്രകാശനം ചെയ്യുന്നു




ലളിതാ ലെനിൻ രചിച്ച 'റിവാന്റെ അമ്മാമ്മ കഥകൾ' എന്ന പുസ്തകം എ.ജി. ഒലീന വി.എസ് ബിന്ദുവിന് നൽകി പ്രകാശനം ചെയ്യുന്നു.




ഡോക്ടർ കെ. രാജശേഖരൻ നായർ എഴുതിയ ' ഒരു ന്യൂറോളജിസ്റ്റിന്റെ ഡയറി' എന്ന പുസ്തകം ഡോ. ജാൻസി ജെയിംസ് പ്രകാശനം ചെയ്യുന്നു

# അക്ഷരസമ്മേളനത്തിന്




മണിയൻപിള്ള രാജു എഴുതിയ 'ചിരിച്ചും ചിരിപ്പിച്ചും' എന്ന പുസ്തകം നിയമസഭാ സ്പീക്കർ എ എൻ ഷംസീർ കെ.ബി ഗണേഷ്കുമാർ എം.എൽ.എയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു



എൻ.എസ് സുമേഷ് കൃഷ്ണൻ രചിച്ച 'എന്റെയും നിങ്ങളുടേയും പുഴ' എന്ന പുസ്തകം മുരുകൻ കാട്ടാക്കടയ്ക്ക് നൽകി പ്രഭാവർമ്മ പ്രകാശനം നിർവ്വഹിക്കുന്നു




നേഹ ഖയാൽ എഴുതിയ 'രാഗാബഹാർ' എന്ന പുസ്തകം എൻ.എം ബാദുഷയ്ക്ക് നൽകി കെ.ബി ഗണേഷ് കുമാർ എംഎൽഎ പ്രകാശനം നിർവ്വഹിക്കുന്നു



നേഹ ഖയാൽ എഴുതിയ 'സംഗീത് ബഹാർ' എന്ന പുസ്തകം ഹിന്ദുസ്ഥാനി ഗായിക അബ്രിദിത ബാനർജിക്ക് നൽകി കെ.ബി ഗണേഷ് കുമാർ എംഎൽഎ പ്രകാശനം ചെയ്യുന്നു



തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിന്റെ എഴുപതാം പതിപ്പ് ജോർജ് ഓണക്കൂറിന് നൽകി സി.ദിവാകരൻ പ്രകാശനം ചെയ്യുന്നു .



"സാധാരണ പുസ്തകോത്സവങ്ങളിൽ നിന്ന് വ്യത്യസ്തമായി നിരവധി പ്രസാധകർ പങ്കെടുക്കുന്നു എന്നതാണ് നിയമസഭാ പുസ്തകോത്സവത്തിന്റെ പ്രത്യേകത. വായനക്കാർക്ക് ഏറെ ഉപകാരപ്രദമാകുന്ന രീതിയിൽ വളരെ വിലക്കുറവിലാണ് ഇവിടെ പുസ്തകങ്ങൾ ലഭിക്കുന്നത്. ഓൺലൈൻ വാങ്ങുന്നതിനേക്കാൾ വിലക്കുറവുണ്ട്."

**കെ.പി രാധാകൃഷ്ണൻ,**
റിട്ട.ലേബർ ഓഫീസർ, തിരുവല്ല



ഡോ.എം ജി ശശിഭൂഷൺ രചിച്ച ' ആലേഖനങ്ങളിലെ കേരളചരിത്രം ' എന്ന ഗ്രന്ഥം എസ് രാധാകൃഷ്ണന് നൽകി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു



ബിജു മുത്തത്തി എഴുതിയ ലേഡീസ് കംപാർട്ട്മെന്റ് എന്ന പുസ്തകം സരസ്വതി നാഗരാജന് നൽകി മന്ത്രി ആർ . ബിന്ദു പ്രകാശനം ചെയ്യുന്നു. ജോൺ ബ്രിട്ടാസ് എം.പി സമീപം .



ശാന്തൻ എഴുതിയ 'യുദ്ധവും മൃത്യുഞ്ജയവും' എന്ന പുസ്തകം നടൻ ശങ്കർ രാമകൃഷ്ണൻ സി.അശോകന് നൽകി പ്രകാശനം ചെയ്യുന്നു



ഡോ.വള്ളിക്കാവ് മോഹൻദാസ് എഴുതിയ ശോണബിംബം എന്ന പുസ്തകം ജോർജ് ഓണക്കൂറിന് നൽകി സി.ദിവാകരൻ പ്രകാശനം ചെയ്യുന്നു



ഇന്ത്യയിലെ തുർക്കി അംബാസഡർ ഫിരാത് സുനെലിന്റെ നോവലിന്റെ പരിഭാഷയായ 'ഇലപൊഴിയും മരത്തിന്റെ നിഴലുകളിൽ' എന്ന കൃതിയുടെ പ്രകാശനം ഉന്നതവിദ്യാഭ്യാസ – സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാറിന് നൽകി നിർവഹിക്കുന്നു

# സാക്ഷിയായി നിയമസഭ



വി കെ ബാബുപ്രകാശ് രചിച്ച 'നീതിയുടെ പ്രതിസ്പന്ദം' എന്ന പുസ്തകം സ്പീക്കർ എ എൻ ഷംസീർ പ്രകാശനം ചെയ്യുന്നു. ഡോ.ബി ഇഖ്ബാൽ പുസ്തകം സ്വീകരിക്കുന്നു.



എബ്രഹാം മാത്യു രചിച്ച മൗനം മധുരം എന്ന പുസ്തകം മന്ത്രി പി പ്രസാദ് എ.എ. റഹിം എം.പി ക്ക് നൽകി പ്രകാശനം ചെയ്യുന്നു



ബൈജു ചന്ദ്രൻ എഴുതിയ ജീവിതനാടകം എന്ന പുസ്തകം അടൂർ ഗോപാലകൃഷ്ണൻ കെ.പി.എ.സി ലീലയ്ക്ക് നൽകി പ്രകാശനം നിർവഹിക്കുന്നു



കെ.ജയകുമാർ രചിച്ച 'സൗപർണികാമൃതം' എന്ന ഗാനസമാഹാരത്തിന്റെ പ്രകാശനം എം.എം ഹസ്സൻ എ.എം ബഷീറിന് നൽകി നിർവഹിക്കുന്നു



ശിഹാബുദീൻ പൊയ്ത്തുംകടവ് രചിച്ച 'കത്തുന്ന തലയിണ' സ്പീക്കർ എ. എൻ. ഷംസീർ തനൂജ ഭട്ടതിരിക്ക് നൽകി പ്രകാശനം ചെയ്തു



"പുസ്തകോത്സവം നല്ല അനുഭവമാണ് സമ്മാനിച്ചത്. നിയമസഭ പോലെയുള്ള ഒരു വേദിയിൽ, പുസ്തകങ്ങളുടെ വലിയശേഖരം തന്നെയാണ് ഒരുക്കിയിരിക്കുന്നത്. എല്ലാം കാണാൻ കഴിഞ്ഞതിൽ വലിയ സന്തോഷം."

നൃത്താധ്യാപികയായ **ചിത്രാ മോഹൻ**, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിട്ട.ഉദ്യോഗസ്ഥ **ഇന്ദിരാ ഹമീദ്**



മഹാകവി കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യുടെ പുതിയ പതിപ്പിന്റെ പ്രകാശനം പ്രൊഫ.ജി.എൻ പണിക്കർ നിർവഹിക്കുന്നു



"പുസ്തകങ്ങളുടെ വലിയ ശേഖരമാണ് ഇവിടെയുള്ളത്. നിരവധി പുസ്തകോത്സവങ്ങളിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും നിയമസഭയിലെ ബുക്ക് ഫെസ്റ്റ് വേറിട്ട അനുഭവമായി. വായിക്കാൻ വളരെ ഇഷ്ടപ്പെടുന്നവരാണ്. പുസ്തകങ്ങളുടെ വിലക്കുറവും വലിയ ആകർഷണമാണ്."

**പാർവതി.ജെ.എസ്, ശീതൾ കൃഷ്ണ, ലക്ഷ്മി പ്രസാദ്, ആർച്ച അശോക്, ആത്മജ.എസ്. ഗോപൻ** (ബി.എ ഇക്കണോമിക്സ്, വിമൻസ് കോളേജ്, വഴുതക്കാട് )



പി കെ അനിൽകുമാർ രചിച്ച 'പ്രസംഗ കലയുടെ രസതന്ത്രം' എന്ന പുസ്തകം കെ വി മോഹൻകുമാർ ഡോ. പനയറ അജയന് നൽകി പ്രകാശനം ചെയ്യുന്നു



സുകു പാൽകുളങ്ങര രചിച്ച 'ഗാന്ധിജിയുടെ ഖാദിയാത്ര'യുടെ പ്രകാശനം എം.എം ഹസ്സനു നൽകി ജോർജ്ജ് ഓണക്കൂർ നിർവഹിക്കുന്നു



വിജയകൃഷ്ണൻ എഴുതിയ 'ലോകസിനിമയുടെ കഥ' കെ.ജയകുമാർ ബൈജു ചന്ദ്രന് നൽകി പ്രകാശനം നിർവഹിക്കുന്നു

### നിയമസഭാങ്കണം നിറഞ്ഞ് വാക്കുത്സവത്തിന്റെ ഒരാഴ്ച

# ചിന്ത ഉണർത്തി സംവാദവേദികൾ

## ഭീതിയും അക്രമവുമില്ലാതെ വർഗീയ ശക്തികൾക്ക് മുന്നോട്ട് പോകാനാകില്ല: ടീസ്റ്റ സേതൽവാദ്




'മതേതര രചനകളുടെ പ്രാധാന്യവും സമകാലിക വെല്ലുവിളികളും'

ഭീതി ഉണ്ടാക്കാതെയും അക്രമം കാട്ടാതെയും രാഷ്ട്രീയം മുന്നോട്ടുകൊണ്ടുപോകാൻ വർഗീയശക്തികൾക്ക് സാധിക്കുമോയെന്ന് മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സേതൽവാദ്. നീതിന്യായവ്യവസ്ഥയെ പോലും ക്രിമിനൽവൽക്കരിക്കുകയാണ് അവർ ചെയ്യുന്നത്. ഒരു നൂറ്റാണ്ടായി ആസൂത്രണം ചെയ്ത നിയമവിരുദ്ധ പ്രവർത്തനങ്ങളിലൂടെയാണ് വർഗീയശക്തികൾ അധികാരം നേടിയെടുത്തതെന്നും ടീസ്റ്റ പറഞ്ഞു. 'മതേതര രചനകളുടെ പ്രാധാന്യവും സമകാലിക വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു ടീസ്റ്റ. അക്രമം ഒരു വശത്ത് തുടരുമ്പോഴും വർഗീയശക്തികളുമായി സംഭാഷണത്തിന് തുടക്കമിട്ടാൽ മാത്രമേ കൂടുതൽ ലിബറൽ ഇടങ്ങൾ കണ്ടെത്താനാകൂവെന്ന് സാമൂഹ്യപ്രവർത്തകയും എഴുത്തുകാരിയുമായ രേവതി ലോൾ. മറുപക്ഷത്തോട് സംവദിച്ചാൽ മാത്രമേ വെറുപ്പിലൂടെ ആളുകളെ കൂട്ടുന്നതെങ്ങനെയെന്ന് മനസ്സിലാക്കാനാകൂ. സംവാദത്തിന് ഇടമില്ല എന്ന തോന്നലിൽ ഉപേക്ഷിക്കുന്ന ഇടങ്ങളിലാണ് വർഗീയത പിടിമുറുക്കുന്നതെന്നും രേവതി ലോൾ അഭിപ്രായപ്പെട്ടു. സ്വീകാര്യത ഇല്ലാത്ത ഇടങ്ങളിലും ആശയങ്ങൾ പ്രചരിപ്പിക്കുക എന്ന പ്രക്രിയയിലൂടെയാണ് വർഗീയത വളരുന്നതെന്ന് മാധ്യമപ്രവർത്തകൻ വെങ്കിടേഷ് രാമകൃഷ്ണൻ പറഞ്ഞു. കേരളത്തിലടക്കം ഈ തന്ത്രം പ്രയോഗിച്ചാണ് വർഗീയ ശക്തികൾ കടന്നുകൂടിയതെന്നും അദ്ദേഹം പറഞ്ഞു.

## സർഗ്ഗസൃഷ്ടിക്ക് ലഹരി ആവശ്യമില്ല - ചിരിച്ചും ചിന്തിപ്പിച്ചും 'സിനിമയും എഴുത്തും' ചർച്ച

സർഗ്ഗസൃഷ്ടികൾ രൂപപ്പെടുന്നതിന് ലഹരി ആവശ്യമില്ലെന്ന സന്ദേശം മുന്നോട്ട് വെച്ച് 'സിനിമയും എഴുത്തും' ചർച്ച. ആശയം മുന്നോട്ടുവെച്ച കെ.ബി ഗണേഷ്കുമാർ എം.എൽ.എയുടെ അഭിപ്രായത്തോട് മറ്റുള്ളവരും യോജിച്ചു. സർഗ്ഗാത്മകത നിറഞ്ഞ സിനിമകൾ ജനിക്കണമെങ്കിൽ ആത്യന്തികമായി വേണ്ടത് സ്വബോധത്തോടെയുള്ള ചിന്തകളാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ലഹരി ഉപയോഗത്തിലൂടെ മികച്ച സിനിമയും അനുബന്ധ സൃഷ്ടികളുമുണ്ടാകുന്നുവെന്ന തെറ്റായ ധാരണ നിലനിൽക്കുന്നത് ദുഖകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പഴയതും പുതിയതുമായ മലയാള സിനിമകൾ എക്കാലവും സൂക്ഷിക്കാൻ കഴിയുന്ന സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകണമെന്നും എം എൽ എ അഭിപ്രായപ്പെട്ടു




'സിനിമയും എഴുത്തും' – പാനൽ ചർച്ചയിൽ നിന്ന്

## സമത്വമല്ല, വേണ്ടത് ലിംഗനീതി




'മലയാളത്തിലെ മഴവിൽ അനുഭവങ്ങൾ'

സമഭാവനയോടെ ട്രാൻസ് സമൂഹത്തെ ഉൾക്കൊള്ളേണ്ടതുണ്ടെന്നും ലിംഗസമത്വമല്ല, ലിംഗ നീതിയാണ് വേണ്ടതെന്നും ട്രാൻസ് സമൂഹത്തിലെ ആക്ടിവിസ്റ്റുകളും എഴുത്തുകാരുമായ വിജയരാജമല്ലികയും സൂര്യ ഇഷാനും അമേയ പ്രസാദും അഭിപ്രായപ്പെട്ടു. 'മലയാളത്തിലെ മഴവിൽ അനുഭവങ്ങൾ' എന്ന പാനൽ ചർച്ചയിലാണ് നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ആവശ്യമായ നടപടികളെക്കുറിച്ചും അവർ മനസ്സുതുറന്നത്.

സ്വന്തം നാട്ടിൽ നിന്നും രക്തബന്ധങ്ങളിൽ നിന്നുപോലും പലപ്പോഴും അവഗണന നേരിടുന്ന ട്രാൻസ് സമൂഹത്തെക്കുറിച്ച് കാര്യമായ അവബോധം സർക്കാർ തലത്തിൽ നടക്കുന്നുണ്ടെന്ന് വിജയരാജമല്ലിക പറഞ്ഞു. ജനനം മുതൽ പോരാടുന്ന ഈ വിഭാഗക്കാരെ മറ്റുള്ളവർ യഥാർത്ഥമായി മനസ്സിലാക്കേണ്ടതുണ്ട്. ട്രാൻസ്ജെൻഡർ വിഷയം അവതരിപ്പിക്കുമ്പോൾ ഭാഷയിൽ മാന്യമായ വാക്കുകളില്ല. പുതിയ എഴുത്തുകാർ വരുന്നതിനാൽ ഭാഷയെക്കുറിച്ച് പ്രതീക്ഷയുണ്ടെന്നും വിജയരാജമല്ലിക വ്യക്തമാക്കി.

ട്രാൻസ് സമൂഹത്തിനായി പുതിയ നിയമങ്ങൾ ആവശ്യമില്ലെന്നും നിലവിലെ നിയമങ്ങളിൽ ഉൾക്കൊള്ളിക്കലാണ് ആവശ്യമെന്നും സൂര്യ ഇഷാൻ ചൂണ്ടിക്കാട്ടി. പൊതുയിടങ്ങളിൽ നിരവധി ബുദ്ധിമുട്ടുകളാണ് ഇപ്പോഴും അനുഭവിക്കുന്നത്. സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വേണം. സ്വാതന്ത്ര്യം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും ട്രാൻസ് സമൂഹം എല്ലായിടത്തും സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുകയാണെന്നും സൂര്യ ഇഷാൻ അഭിപ്രായപ്പെട്ടു.

സ്കൂൾതലം മുതൽ അവബോധം നൽകിയാലേ ഭിന്നമായി കാണാതെ തുല്യ അവകാശികൾ എന്ന ബോധ്യം വേരുറപ്പിക്കാനാകൂ എന്ന് അമേയ പ്രസാദ് പറഞ്ഞു. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രധാന പ്രശ്നം ഭാഷാക്ഷാമമാണെന്ന് ചർച്ചയിൽ മോഡറേറ്ററായിരുന്ന നിരൂപകനും എഴുത്തുകാരനുമായ സുനിൽ സി ഇ ചൂണ്ടിക്കാട്ടി. ട്രാൻസ് സമൂഹത്തെക്കുറിച്ച് സാഹിത്യ സൃഷ്ടികളോടൊപ്പം നിഘണ്ടുവും അവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# വായനാ ലോകത്തേക്ക് നിയമസഭാ ജീവനക്കാരുടെ ആറ് പുസ്തകങ്ങളും

## പുസ്തകമേളയുടെ തീം സോങിന് പിന്നിലും ജീവനക്കാർ



എ കെ രാജൻ രചിച്ച ബിയാസ് എന്ന പുസ്തകം സ്പീക്കർ എ എൻ ഷംസീർ , ഡോ.ജോർജ് ഓണക്കൂറിന് നൽകി പ്രകാശനം ചെയ്യുന്നു

നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നിയമസഭയിലെ ജീവനക്കാരുടെ ആറ് സൃഷ്ടികളും പ്രകാശനം ചെയ്തു. നിയമസഭാ സെക്രട്ടറി എ.എം ബഷീർ എഴുതിയ 'തെമിസ്' എന്ന പുസ്തകം മേളയുടെ ആദ്യ ദിനത്തിൽ പ്രകാശനം ചെയ്തു. കൂടാതെ വിവേക് പാറാട്ട് എഴുതിയ 'ഒന്നുകളും പൂജ്യങ്ങളും' എം.കെ രാജൻ എഴുതിയ 'ബിയാസ്' തുടങ്ങിയ പുസ്തകങ്ങളും പ്രകാശനം ചെയ്തു. ഷിബു ആർ, അയ്യപ്പദാസ് പി.എസ്, നെൽസൺ ജെ.എളുക്കുന്നേൽ തുടങ്ങിയവർ എഴുതിയ 'കേരള നിയമസഭ; ചോദ്യം ഉത്തരം' എന്ന പുസ്തകവും പ്രകാശനം ചെയ്തു. രണ്ടാം ദിനത്തിൽ സബാഹ് എഴുതിയ 'പൊയ്ക' എന്ന പുസ്തകവും വായനാലോകത്തിന് സമ്മാനിച്ചു.

പ്രഥമ നിയമസഭാ അന്താരാഷ്ട്ര പുസ്തക മേളയുടെ തീം സോങ് രചിച്ചത് നിയമസഭാ ജോയിന്റ് സെക്രട്ടറിയായ വി.ആർ രജനിയാണ്. കൂടാതെ തീം സോങ് ആലപിച്ച എം.ജി ശ്രീകുമാറിനൊപ്പം പാടി അഭിനയിച്ചത് നിയമസഭാ ജീവനക്കാരായ ജയകൃഷ്ണൻ എസ്, മെറിൻ മാത്യു, നന്ദകുമാർ ആർ, സതീഷ് കെ, ഫാത്തിമ കെ, ജയലക്ഷ്മി ജെ എ തുടങ്ങിയവരാണ്.







## വായന വായന ലഹരി പിടിക്കും വായന ഞാനതിൽ മുഴുകട്ടെ



ഭൂതകാലത്തിൽ ലഹരിയുടെ ബലിനിലങ്ങളിൽ കുരുതി കഴിക്കപ്പെട്ട ഒരുവനെന്ന നിലയിൽ ജീവിതത്തിന്റെ ബോധിച്ചുവടിലേക്ക് എന്നെ മടക്കി കൊണ്ടുവന്നത് ഒരർത്ഥത്തിൽ പുസ്തകങ്ങളാണ്. തുടർച്ചയായുള്ള മദ്യപാനം തലച്ചോറിലെ ഓർമ്മകളുടെ വെളിച്ചങ്ങളെയെല്ലാം ഇറുത്തെടുത്ത് കൊണ്ടിരുന്നു. വിഷദ്രാവകം തുറന്നിട്ട നരകവാതിലുകളിലൂടെയുള്ള യാത്രയിൽ തലച്ചോറിലെ ബ്ലാക്ക് ഔട്ടുകൾ പൊള്ളിക്കുന്ന യാഥാർത്ഥ്യമായി അനുഭവപ്പെട്ടു.

ഓർമകളില്ലാതെ ഒരാൾ ഈ ഭൂമിയിൽ ജീവിച്ചിട്ടെന്ത് കാര്യം? 'മറവികൾ മരണം തന്നെയാണ്'. നിന്ദയും പരിഹാസവും ഏറ്റുവാങ്ങി ജനിയുടെ തെരുവോരങ്ങളിൽ ലഹരി പുതച്ചുറങ്ങിയ നാളുകളിലൊന്നിൽ പാതി സ്വപ്നത്തിലെന്നവണ്ണം എന്നിലേക്ക് പുസ്തകങ്ങളുടെ ഒരു കാട് ഒഴുകി വന്നു. ഇതു വരെ വായിക്കപ്പെടാതിരുന്ന, സ്പർശനമേൽക്കാതിരുന്ന പുസ്തകങ്ങളുടെ കാടകങ്ങൾ ശിഖരങ്ങൾ നീട്ടി എന്നെ മാടി വിളിച്ച് കൊണ്ടിരുന്നു. തിങ്ങിനിറഞ്ഞ സദസ്സിനായി ശൂന്യമായ പ്രഭാഷണ വേദികൾ എനിക്കായി നിലവിളിച്ച് കൊണ്ടിരുന്നു. തടവിലാക്കപ്പെട്ട ആത്മാക്കൾ പോലെ, ഉച്ചരിക്കപ്പെടാതെ പോയ വാക്കുകൾ ഞങ്ങളെ സ്വതന്ത്രരാക്കൂ എന്ന് കരഞ്ഞുകൊണ്ടിരുന്നു. ആ നിമിഷത്തിൽ കൗമാരത്തിൽ എന്റെ സിരകളിൽ ചോരയിലേക്ക് സംക്രമിച്ചൊഴുകിയ ആ വിഷദ്രാവകത്തെ ഞാൻ വെറുത്തു. കാലത്തിന്റെ ഉദാരത പോലെ വീണ് കിട്ടിയ ആ നിമിഷത്തിൽ ഞാൻ സ്നാനപ്പെട്ടു.

പുസ്തകം കൈയിൽ പിടിച്ച ഒരു സ്വപ്നമാണെന്ന് നീൽ ഗയ്മാൻ പറഞ്ഞിട്ടുണ്ട്. വായിക്കുന്ന ഒരാൾക്ക് നിരവധി ജന്മങ്ങളുണ്ട്. ഉന്മാദങ്ങളുടെ ശാദ്വലഭൂമികളിൽ സ്ഥലകാലങ്ങൾ മറന്ന് പറക്കാൻ കഴിയും.അതീന്ദ്രിയമായ അനുഭൂതികളുടെ താഴ്വാരങ്ങളിൽ കാട്ടാറിന്റെ സംഗീതമായി ഒഴുകാൻ കഴിയും. സർവോപരി ഒരു നല്ല മനുഷ്യനാകാൻ കഴിയും. ചങ്ങമ്പുഴയുടെ പ്രശസ്തമായ വരികൾക്ക് പുതിയൊരു പാഠഭേദം തീർക്കാം 'വായന വായന ലഹരി പിടിക്കും വായന ഞാനതിൽ മുഴുകട്ടേ: മമ മുരളീരവമൊഴുകട്ടേ'

**പി കെ അനിൽകുമാർ**
പ്രഭാഷകൻ, എഴുത്തുകാരൻ



# മനം കവർന്ന് കലാസന്ധ്യകൾ











## പുതിയ കേരള മോഡൽ

ബഹുമാന്യരേ,



വിഖ്യാതമായ കേരള മോഡലിൽ കേരള നിയമസഭ പുതിയൊരധ്യായം എഴുതി ച്ചേർക്കുകയാണ്. കേരള നിയമസഭ പുസ്തകോത്സവം 2023 ജനകീയ മഹോത്സവമായി മാറി. ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന വിശേഷണം അന്വർത്ഥമായി. പൊതുജനങ്ങൾ നിയമസഭാ മന്ദിരത്തെ അടുത്തറിഞ്ഞു. വരുംതലമുറ നാളിതുവരെയില്ലാത്ത രീതിയിൽ വിദ്യാലയങ്ങളിൽ നിന്ന് നിയമസഭയിലേക്ക് ഒഴുകി. ചരിത്രപരമായ അടയാളപ്പെടുത്തലിന്റെ ഈ നിമിഷങ്ങളിൽ ഏവർക്കും നന്ദി രേഖപ്പെടുത്തട്ടെ.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും  പ്രതിപക്ഷ നേതാവും മന്ത്രിമാരും ഗവ. ചീഫ് വിപ്പും ഡപ്യൂട്ടി സ്പീക്കറും ഉദ്യോഗസ്ഥവൃന്ദമാകെയും നിയമസഭാ സെക്രട്ടേറിയറ്റിലെ സംഘാടകരോടൊപ്പം ഒറ്റമനസ്സായി കൈകോർത്തു. പ്രസാധകരും എഴുത്തുകാരും സാസ്കാരിക വ്യക്തിത്വങ്ങളും കലാകാരൻമാരും മാധ്യമങ്ങളും പുസ്തകോത്സവത്തിന്റെ വിവിധ ഭാഗങ്ങളെ വർണാഭമാക്കി. സംഘാടന മികവിൻറെ തിളക്കം ഈ ഉത്സവത്തിൽ കാണാനാവും. അതിന്റെ ഭാഗമായി മാറിയ ഓരോരുത്തരും അഭിനന്ദനം അർഹിക്കുന്നു. പ്രചരണത്തിന് മാറ്റുകൂട്ടിയ മീഡിയ കമ്മിറ്റിക്കും മെഗാ കൾച്ചറൽ ഇവന്റുകൾ ഒരുക്കിയ മാധ്യമങ്ങൾക്കും ശബ്ദവും വെളിച്ചവും ഭക്ഷണവും സ്റ്റാളുകളും വേദികളും മറ്റുമൊരുക്കിയ പ്രതിഭകൾക്കും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയ വാച്ച് ആൻഡ് വാർഡിനും അഗ്നിസുരക്ഷ ഒരുക്കിയ ഉദ്യോഗസ്ഥർക്കും മെഡിക്കൽ ടീമിനും നന്ദി. സിറ്റി റൈഡിന് സൗകര്യമൊരുക്കിയ കെ എസ് ആർ ടി സിക്കും വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയവർക്കും സഭയ്ക്ക് പുറത്ത് ഗതാഗതക്കുരുക്കില്ലാതെ ക്രമീകരണങ്ങൾ നടത്തിയ ട്രാഫിക് പോലീസിനും കൃതജ്ഞത രേഖപ്പെടുത്തുന്നു.

അക്ഷരം വെളിച്ചമാണെന്ന തിരിച്ചറിവ് മലയാളികൾക്കുണ്ട്. വായനയെ ലഹരിയായി മാറ്റി, കേരളം ഒരു ജ്ഞാനസമൂഹമെന്ന ലക്ഷ്യത്തിലേക്ക് കുതിക്കുക തന്നെയാണ്. കൂടുതൽ മികവോടെ സംഘടിപ്പിക്കുന്ന കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ അടുത്ത എഡിഷനിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം

**എ എൻ ഷംസീർ**
സ്പീക്കർ, കേരള നിയമസഭ

## ജനാധിപത്യത്തിന്റെ സർഗ്ഗോത്സവം



ജനാധിപത്യ സമ്പ്രദായത്തിൽ നിയമസഭയെ സമൂഹത്തിലേക്കും സമൂഹത്തെ നിയമസഭയിലേക്കും അർത്ഥവത്തായി സംക്രമിപ്പിക്കേണ്ട ഉത്തരവാദിത്തം നിയമസഭ ഏറ്റെടുക്കേണ്ടതുണ്ട്. വൈവിധ്യമുള്ള സംവാദങ്ങൾക്ക് സാക്ഷ്യം വഹിച്ച് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം ദേശീയ തലത്തിൽ ശ്രദ്ധേയമായി . പുസ്തകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട മത്സരങ്ങളും കലാപ്രകടനങ്ങളും പ്രതിഭാസംഗമവും വിഷൻടോക്കും ഉൾപ്പെടെയുള്ള പരിപാടികളിലെ പൊതുജന പങ്കാളിത്തം അന്താരാഷ്ട്ര പുസ്തകോത്സവത്തെ ജനാധിപത്യത്തിന്റെ സർഗ്ഗോത്സവമാക്കി മാറ്റി. ബുക്കർപ്രൈസ് ജേതാവും ശ്രീലങ്കൻ എഴുത്തുകാരനുമായ ഷെഹാൻ കരുണതിലകെ ഉൾപ്പെടെയുള്ള അന്തർദ്ദേശീയ തലത്തിലുള്ള പ്രതിഭകളുടെ പങ്കാളിത്തം ഈ പുസ്തകോത്സവത്തിലുണ്ടായി. ഈ പുസ്തകോത്സവം എഴുത്തിന്റെയും സർഗ്ഗാത്മകതയുടെയും കേരളത്തിന്റെ ജനകീയമുഖം വെളിപ്പെടുത്തുന്നതായി. കേരളത്തിലെ ലഹരി വിരുദ്ധ പ്രചാരണത്തിന് ഐക്യദാർഢ്യം പകർന്നു കൊണ്ട് വായനയാണ് ലഹരി എന്ന സന്ദേശമാണ് പുസ്തകോത്സവം മുന്നോട്ടുവെച്ചത്. എല്ലാ വർഷവും പുസ്തകോത്സവം ഉൾപ്പെടുന്ന ഒരു ജനാധിപത്യത്തിന്റെ സർഗ്ഗോത്സവം സംഘടിപ്പിക്കാവുന്നതാണ്. സഭയുടെ ഉപാദ്ധ്യക്ഷൻ എന്ന നിലയിലും കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ സംഘാടകരിൽ ഒരാൾ എന്ന നിലയിലും പുസ്തകോത്സവത്തിൽ പങ്കാളികളായ ഏവർക്കും നന്ദി അറിയിക്കുന്നു.

**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

## ജനകീയ ഉത്സവം



കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവം അക്ഷരാർത്ഥത്തിൽ ജനാധിപത്യത്തിന്റെ ഉത്സവമായി മാറി. ചർച്ചകൾക്കും സംവാദങ്ങൾക്കും പുസ്തക പ്രകാശനങ്ങൾക്കും ഒത്തുചേരലുകൾക്കും കലാസാംസ്കാരിക പരിപാടികൾക്കുമെല്ലാമായി ഇവിടെ നിയമസഭയുടെ വാതായനങ്ങൾ തുറന്നു. പ്രാദേശീയവും ദേശീയവും അന്തർദേശീയവുമായ പുസ്തകങ്ങളെ പരിചയപ്പെടുകയും വാങ്ങുകയും ചെയ്യുന്നതിനോടൊപ്പം തന്നെ നിയമസഭയുടെ പ്രവർത്തനങ്ങളും ചരിത്രവും മനസ്സിലാക്കാൻ കഴിയുന്ന മ്യൂസിയവും നിയമസഭാ സമ്മേളനവേദിയുമെല്ലാം എല്ലാവർക്കും വന്ന് കാണുവാനും മനസ്സിലാക്കുവാനുമുള്ള അവസരം ഒരുക്കി. ഒപ്പം തന്നെ താൽപര്യമുള്ളവർക്ക് നിയമസഭാ ലൈബ്രറിയിൽ ഗ്രാജ്വേറ്റ് മെമ്പർഷിപ്പെടുത്ത് അംഗങ്ങളാവാനും അവസരമുണ്ട്. പൊതുജനങ്ങൾ ഇത് പ്രയോജനപ്പെടുത്തണം. നിയമസഭാ സമുച്ചയത്തിലേക്ക് വന്ന് ഈ മഹോത്സവത്തിന്റെ ഭാഗമാകുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**എ എം ബഷീർ**
നിയമസഭ സെക്രട്ടറി

Printed and Published by Media and Publicity Committee, Kerala Legislature International Book Festival and printed at Orange printers, Thiruvananthapuram, Kerala.
Design: Anilraj, Photos: PRD Photography,  Copies: 1000